## വയം ഫ്രീ യുവർ മൈൻഡ് ആൻഡ് ഹാൻഡ് ഓഫ് ഹോപ്
## പ്രവാസികൾക്ക് സഹായഹസ്തവുമായി പത്തനംതിട്ട ജില്ലാമിഷന്റെ പുതിയ പദ്ധതി

കോവിഡ് 19 മഹാവ്യാധിയെ തുടർന്ന് ജോലിയും വരുമാനവും ഉപേക്ഷിച്ച് കേരളത്തിലേക്ക് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സഹായഹസ്തവുമായി പത്തനംതിട്ട കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ വയം എന്ന പേരിൽ പുതിയ പദ്ധതി ആരംഭിച്ചു. ആശങ്കകളും അനിശ്ചിതത്വവുമായി കേരളത്തിലേക്ക് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ആവശ്യമായ മാനസിക പിന്തുണ നൽകുക, വിവിധ സർക്കാർ വകുപ്പുകൾ വഴി പ്രവാസികൾക്ക് ലഭ്യമാകുന്ന സേവനങ്ങളെ കുറിച്ചുള്ള അറിവ് നൽകുക എന്നിവയാണ് ഫ്രീ യുവർ മൈൻഡ് ആൻഡ് ഹാൻഡ് ഓഫ് ഹോപ് എന്ന ടാഗ് ലൈനോടെ നടപ്പാക്കുന്ന പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ജില്ലാ ഭരണകൂടവുമായി സഹകരിച്ചു കൊണ്ട് അവർ നൽകുന്ന നിർദേശങ്ങൾ അനുസരിച്ചാണ്പ ദ്ധതിയുടെ ദൈനംദിന പ്രവർത്തനങ്ങൾ. കുടുംബശ്രീ സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക് മുഖേനയാണ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കുക. ഇതിനായി സ്നേഹിതയുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 1800 425 1244 എന്ന ടോൾ ഫ്രീ നമ്പറും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 04734 250244 എന്ന ലാൻഡ് ലൈൻ നമ്പരിലും, 86065533418, 7907627009, 8921137902 എന്ന മൊബൈൽ നമ്പരുകളിലേക്കും വിളിച്ചാൽ ഈ വിവരങ്ങൾ ലഭ്യമാകും.

ഇന്നു വരെ ജില്ലയിലേക്ക് തിരികെയെത്തിയ പ്രവാസികൾ 1191പേരാണ്. ഇവരിൽ 98 പേർ വിദേശത്തു നിന്നും ബാക്കിയുള്ളവർ ഇതര സംസ്ഥനങ്ങളിൽ നിന്നും വന്നവരാണ്. തൊഴിൽ നഷ്ടപ്പെട്ട് ഭാവി ജീവിതം ചോദ്യചിഹ്നമായി മാറിയ അനേകം പ്രവാസികളാണ് ഇപ്പോൾ നാട്ടിലേക്ക് മടങ്ങി വന്നു കൊണ്ടിരിക്കുന്നത്. നിലവിലെ വരുമാന നഷ്ടവും ഒഴിവാക്കാനാകാത്ത കടബാധ്യതയും ഉൾപ്പെടെ വിവിധ പ്രശ്നങ്ങളാണ് പല പ്രവാസികളെയും കാത്തിരിക്കുന്നത്. ഇവർ കടുത്ത വിഷാദവും

മാനസിക സമ്മർദ്ദവും നേരിടുന്നതിൽ നിന്നും രക്ഷിക്കുന്നതിനാവശ്യമായ മാനസിക പിന്തുണകൾ നൽകുന്നതോടൊപ്പം വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് വയം പദ്ധതി നടപ്പാക്കുന്നത്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ സി.ഡി.എസ്, എ.ഡി.എസ്, അയൽക്കൂട്ടതല വാട്ട്സാപ് ഗ്രൂപ്പുകളിലേക്ക് അയച്ചുകൊണ്ട് ജില്ലയിൽ പ്രവാസികൾ എത്തുന്നയിടത്തെല്ലാം ഇതിന്റെ വിവരങ്ങൾ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കുടുംബശ്രീ സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്കിന്റെ നേതൃത്വത്തിൽ ഒരു കൗൺസിലർ, മൂന്നു സർവീസ് പ്രൊവൈഡർമാർ, 23 കമ്മ്യൂണിറ്റി കൗൺസിലർമാർ എന്നിവർ മുഖേനയാണ് വയംപദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലയിൽ നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള വിവിധ നമ്പരുകളിലേക്ക് വിളിക്കുന്ന പ്രവാസികൾക്ക് സർക്കാരിന്റെ കരുതലോടെ നാടണഞ്ഞീടാം പദ്ധതിയുടെ ഭാഗമായി ജില്ലാഭരണകൂടത്തിൽ പ്രവാസികൾക്കു വേണ്ടി പ്രവർത്തിക്കുന്ന സപ്പോർട്ടിങ്ങ് സെല്ലിലെ ഹെൽപ് ലൈൻ നമ്പരുകൾ നൽകുക, സർക്കാർ വഴി ലഭ്യമാകുന്ന വിവിധ ക്ഷേമപദ്ധതികൾ, ആനുകൂല്യങ്ങൾ, പ്രവാസികൾക്ക് ഇവിടെ ആരംഭിക്കാൻ കഴിയുന്ന വിവിധ ചെറുകിട സംരംഭങ്ങൾ, ഇവ തുടങ്ങുന്നതി നാവശ്യമായ വായ്പകൾ, സബ്സിഡി എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയാൻ കഴിയും.

പ്രവാസികളുടെ ഭാര്യമാർക്ക് ആവശ്യമെങ്കിൽ, കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനും പദ്ധതിയുണ്ട്. ചെറുകിട സൂക്ഷ്മസംരംഭ മേഖലയിലാകും ഇവർക്ക് പരിശീലനം നൽകുക. കൂടാതെ ആവശ്യമായ സാമ്പത്തിക പിന്തുണകളും ഉറപ്പാക്കും. തൊഴിൽ നഷ്ടപ്പെട്ട് വരുമാനമാർഗമടഞ്ഞ പ്രവാസികളുടെ മക്കൾക്ക് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സൗജന്യ തൊഴിൽ

നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ) യിൽ ഉൾപ്പെടുത്തി തൊഴിൽ പരിശീലനവും തൊഴിലും ഉറപ്പാക്കും. 35 വയസിൽ താഴെയുള്ള പ്രവാസികൾക്കും ഈ പദ്ധതിയിൽ ചേർന്ന് നൈപുണ്യ പരിശീലനം നേടാൻ കുടുംബശ്രീ അവസരമൊരുക്കുന്നുണ്ട്.